പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4570. 22.07.2015 ൽ മറുപടിയ്ക്ക്.

**നായരമ്പലം നെടുങ്ങാട് പ്രദേശത്തെ ഗതാഗത പ്രശ്നം**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നായരമ്പലം നെടുങ്ങാട് പ്രദേശത്തെ രൂക്ഷമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി.-യുടെ പറവൂർ ഡിപ്പോയിൽ നിന്നും 6 സർവ്വീസുകൾ എടവനക്കാട്-ഞാറക്കൽ -നായരമ്പലം വഴി എറണാകുളത്തേക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. എന്നാൽ നെടുങ്ങാട് പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നില്ല. നായരമ്പലത്ത് നിന്നും നെടുങ്ങാട്ടേക്കുള്ള റോഡ് വീതി കുറഞ്ഞതും വളവും തിരിവും ഉള്ളതുമാണ്. ഈ റൂട്ടിൽ ചെറിയ ബസ് ഉപയോഗിച്ച് മാത്രമേ സർവീസ് നടത്തുവാൻ കഴിയുകയുള്ളൂ. ചെറിയ ബസ്സിന്റെ ലഭ്യതക്കുറവ് നിലവിലുള്ളതിനാൽ ടി സ്ഥലത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ഒരു റോഡ് ഓഡിറ്റ് നടത്തുകയും ആയതിന്റെ റിപ്പോർട്ട് റോഡ് സുരക്ഷ അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

..തുടർച്ച..

| | | | |
|---|---|---|---|
| (ബി) | നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ സ്ഥിരമായി ട്രിപ്പുകൾ മുടക്കുന്നതു സംബന്ധിച്ച പ്രദേശ വാസികളുടെ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) | സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രത്യേകിച്ച് കാരണമില്ലാതെ ട്രിപ്പുകൾ മുടക്കാറില്ല. പ്രദേശവാസികളുടെ പരാതിയിന്മേൽ മോട്ടോർ വാഹന വകുപ്പ് നിരന്തരമായി ചെക്കിംഗ് നടത്തുകയും ട്രിപ്പ് മുടക്കിയ 15 ബസ്സുകൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്ത് ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ? | (സി) | ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റോഡ് സുരക്ഷ അതോറിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡ് ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി ഗതാഗത പ്രശ്നം പരിഹരിക്കുന്ന കാര്യം മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.